"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൊല്ലം മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ "കേര ഗ്രാമം" പദ്ധതിയിലെ ക്രമക്കേട് - കൃഷി ഓഫീസറായിരുന്ന ശ്രീമതി എൻ.ടി.സോണിയയ്ക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - കർശന താക്കീതു നൽകി തീർപ്പാക്കി - ഉത്തരവാകുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.53/2024/AGRI തീയതി,തിരുവനന്തപുരം, 16-01-2024

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യുറോയുടെ 02/04/2019 ലെ ഇ3(വി.ഇ4/18/കൊല്ലം) 35889/2018 കൊല്ലം നമ്പർ റിപ്പോർട്ട്.
2. 31/01/2022 ലെ കൃഷി-ഇ എ3/44/2019-കൃഷി നമ്പർ കുറ്റാരോപണ മെമ്മോ
3. 08/12/2022-ലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ SVC(1)32196/19 നമ്പർ അഭിപ്രായക്കുറിപ്പ്.
4. സ.ഉ.(സാധാ)നം 42/2023/കൃഷി തീയതി 16/01/2023
5. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ 29/04/2023 ലെ SVC(1)32196/19 നമ്പർ അന്വേഷണ റിപ്പോർട്ട്.
6. ശ്രീമതി.എൻ.ടി.സോണിയ സമർപ്പിച്ച ഓഡിറ്റ് തടസ വാദങ്ങൾക്കുള്ള മറുപടി.
7. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 06/10/2023 ലെ SVC(1)32196/19 നമ്പർ അഭിപ്രായക്കുറിപ്പ്.

**ഉത്തരവ്**

കൊല്ലം മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ "കേരഗ്രാമം" പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പരാമർശം (1) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും കൃഷിഓഫീസർ ആയിരുന്ന ശ്രീമതി.എൻ.ടി.സോണിയ പ്രസ്തുത ക്രമക്കേടിന് ഉത്തരവാദിയാണെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു.

2. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യുറോയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ശ്രീമതി എൻ.റ്റി സോണിയക്കെതിരെ വകുപ്പ് തല അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും പ്രസ്തുത

കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൾ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭിപ്രായം ലഭ്യമാക്കുകയും ചെയ്തു.

3. കൃഷി ഓഫീസർ ശ്രീമതി എൻ.ടി.സോണിയയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി **ഔദ്യോഗിക അന്വേഷണം** നടത്തുന്നതിന് പരാമർശം (4) പ്രകാരം ഒരു ഉദ്യോഗസ്ഥയെ നിയമിക്കുകയും പരാമർശം (5) പ്രകാരം അന്വേഷണ റിപ്പോർട്ടു സമർപ്പിക്കുകയും ഉണ്ടായി. വിജിലൻസ് വകുപ്പിന്റെ ശുപാർശകളിന്മേൽ തൃപ്തികരമായ മറുപടിയല്ല ശ്രീമതി എൻ.ടി.സോണിയ നൽകിയിട്ടുള്ളത് എന്നതിനാലും എല്ലാ കുറ്റാരോപണങ്ങൾക്കും മതിയായ രേഖകളും കൊല്ലം പി.എ.ഒ യുടെ കത്തു പ്രകാരം ഹാജരാക്കിയിട്ടുള്ളതിനാലും ടിയാൾക്കെതിരെ KCS & CC(A) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കാവുന്നതാണെന്ന് അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്യുകയുണ്ടായി. പരാമർശം (6) പ്രകാരം ശ്രീമതി എൻ.റ്റി സോണിയ ഓഡിറ്റ് തടസ്സവാദങ്ങൾക്കുള്ള മറുപടി സമർപ്പിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ കേര ഗ്രാമം പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് &ആന്റി കറപ്ഷൻ ബ്യുറോയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.എൻ.ടി.സോണിയ പ്രസ്തുത ക്രമക്കേടിന് ഉത്തരവാദിയാണെന്ന് കണ്ടെത്തിയിരുന്നെങ്കിലും പരാമർശം (7) പ്രകാരമുള്ള കൃഷി വകുപ്പ് ഡയറക്ടറുടെ അഭിപ്രായവും പരാമർശം (6) പ്രകാരം ശ്രീമതി.എൻ.ടി.സോണിയ സമർപ്പിച്ച ഓഡിറ്റ് തടസ്സവാദങ്ങൾക്കുള്ള മറുപടിയും വിശദമായി പരിശോധിയ്ക്കുകയുണ്ടായി. ശ്രീമതി.എൻ.ടി.സോണിയയുടെ വിശദീകരണത്തിൽ കേരഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട തുകകൾ എല്ലാം തന്നെ സർക്കാർ നിയന്ത്രണത്തിലുള്ള KAICO, RAIDCO എന്നീ സ്വയം ഭരണ സ്ഥാപനങ്ങൾക്കാണ് നൽകിയതെന്ന് അറിയിച്ചതിന്റെയും 2016 ജനുവരിയിൽ ലഭിച്ച പദ്ധതി നിർവഹണത്തിനുള്ള മാർഗ്ഗരേഖകൾ ഫെബ്രുവരി മാസത്തിൽ തന്നെ നടപ്പിലാക്കേണ്ടതിനായി 22 വാർഡുകളിലായി കേരസമിതി രൂപീകരിക്കുകയും എല്ലാ അപേക്ഷകളിലും കൃഷി ഓഫീസർ ഉൾപ്പെട്ടിട്ടുണ്ടെന്നും സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചു തന്നെയാണ് കേര പദ്ധതിയുമായി ബന്ധപ്പെട്ട തുകകൾ എല്ലാം തന്നെ കർമ്മ സേന, KAICO, RAIDCO എന്നീ ഏജൻസികൾക്കു നൽകിയതെന്നുള്ള വിശദീകരണം കണക്കിലെടുത്തും കൂടാതെ പദ്ധതി നടത്തിപ്പുമൂലം സർക്കാരിന് നഷ്ടമുണ്ടായതായി ഡയറക്ടറോ വിജിലൻസ് അന്വേഷണ റിപ്പോർട്ടിലോ ശുപാർശ ചെയ്തിട്ടില്ലാത്തതിനാലും അപേക്ഷകരുടെ ബാഹുല്യം മൂലം ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണമായും പരിശോധിക്കുവാൻ സാധിച്ചില്ല എന്നതും, കൃഷി ഭവനു കൈമാറിയ ട്രാക്ടർ പരിപാലനുവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കാത്തതും ശ്രീമതി.എൻ.ടി.സോണിയയുടെ ഭാഗത്തെ മേൽ നോട്ടക്കുറവായി കണക്കാക്കി

ടിയാൾക്കു കർശന താക്കീതു നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി എൻ.ടി.സോണിയ, കൃഷി ഓഫീസർ.

(കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(കൃഷി-ഇഎ3/44/2019-കൃഷി)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- കൃഷി വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി.